നിയമസഭാനടപടികൾ

അഞ്ചാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

1979 മാർച്ച് 9, വെള്ളി

വാല്യം XLVII] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 16

LIBRARY ARCHIVES Kerala Legislative Assembly

നിയമസഭ 1979 മാർച്ച് 9-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30 ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേംബറിൽ കൂടി.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ ക്രമനമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്ങ് മൂലം നൽകുന്ന ഉത്തരങ്ങൾ

സപ്ലൈ പ്രസ് സിസ്റ്റം

*372 [391] ശ്രീ. ടി. എച്ച്. മുസ്തഫ:
ശ്രീ. ഇ. നാരായണൻ നായർ:
ശ്രീ. വി. ഈച്ചരൻ:
ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി:
ശ്രീ. എം. വി. രാജൻ:
ഡോ. കെ. ജി. അടിയോടി:
ശ്രീ. സേവ്യർ അറയ്ക്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈ പ്രസ് സിസ്റ്റം ഏതെല്ലാം കാർഷിക വിളകൾക്കുണ്ട്;

(ബി) ഈ സമ്പ്രദായം എന്നാണ് നടപ്പിലായത്;

(സി) ഈ ഇനത്തിൽ എത്ര രൂപ സർക്കാരിനു ചെലവായി?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. ടി. എസ്. ജോൺ):

(എ) നെല്ലിനും മരച്ചീനിക്കും.

(ബി) നെല്ലിന് 16.10.1978 വിരിപ്പു വിളവെടുപ്പു മുതൽ നടപ്പിലായി. മരച്ചീനിക്ക് 1979 മാർച്ച് 12.ം തീയതി മുതൽ നടപ്പിൽ വരും.

(സി) കൃത്യമായ കണക്കു ലഭിച്ചിട്ടില്ല. ഇതുവരെ ലഭിച്ച കണക്കനുസരിച്ച് നെല്ലു വാങ്ങിയ വകയിൽ 37,65,920 രൂപ 82 പൈസ ചെലവായി.

ശ്രീ. ഇ. നാരായണൻ നായർ: താങ്ങു വില നൽകാൻ നടപ്പു സാമ്പത്തിക വർഷത്തിൽ എത്ര രൂപ ഉൗക്കൊള്ളിച്ചിരുന്നു? എത്ര ചെലവായി?

ശ്രീ. ടി. എസ്. ജോൺ: 5 കോടി രൂപ ഉൗക്കൊള്ളിച്ചിരുന്നു. നെല്ല് എടുത്തതിനു ചെലവായ തുകയാണ് വായിച്ചത്.

ശ്രീ. ഇ. നാരായണൻ നായർ: വാങ്ങുന്നത് ഏതെങ്കിലും ഏജൻസി മുഖേനയാണോ; എങ്കിൽ ഏജൻസിക്കു കമ്മീഷൻ നൽകിയിട്ടുണ്ടോ?

ശ്രീ. ടി. എസ്. ജോൺ: ഏജൻസി മുഖേനയല്ല. സ്റ്റോറുകൾ വഴിയാണ്. വിരിപ്പു വിളവെടുപ്പിനു ഏതാണ്ട് 47 സ്റ്റോറുകൾ തുറന്ന് ആ സ്റ്റോറുകളിലൂടെ ആണ്.

ശ്രീ. വി. ഈച്ചരൻ: മരച്ചീനിക്കും നെല്ലിനും താങ്ങുവില വർഷം മുഴുവൻ കൊടുക്കുന്നുണ്ടോ അതോ സീസണിൽ മാത്രമാണോ?

ശ്രീ. ടി. എസ്. ജോൺ: മരച്ചീനിയും നെല്ലും സീസണിലാണ് വാങ്ങുന്നത്.

ശ്രീ. വി. ഈച്ചരൻ: കശുവണ്ടിക്ക് 7ക. കഴിഞ്ഞ കൊല്ലം നിശ്ചയിച്ചിരുന്നു. ഈ കൊല്ലം $3\frac{1}{2}$ ക. ആയി നിശ്ചയിച്ചിരിക്കുന്നത് താങ്ങുവില ഉൗക്കൊള്ളിച്ചുകൊണ്ടാണോ? ചുരുക്കി നിശ്ചയിക്കാൻ കാരണമെന്താണ്?

ശ്രീ. ടി. എസ്. ജോൺ: കശുവണ്ടിക്ക് സപ്പോർട്ട് പ്രൈസ് ഇല്ല.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: നെല്ലിന് ഇന്ന് ഓപ്പൺ മാർക്കറ്റിലുള്ള കൃഷിക്കാരനു മുതലാകുകയില്ല എന്നുള്ളതുകൊണ്ട് സപ്പോർട്ട് പ്രൈസ് സിസ്റ്റം നടപ്പാക്കുന്നു എന്നു പറഞ്ഞിട്ട് ഓപ്പൺ മാർക്കറ്റിലുള്ളതിനേക്കാൾ കുറവു വിലയായ കപ്പിനു 120 ക. നിശ്ചയിക്കാൻ കാരണമെന്താണ്? ഇതുകൊണ്ടു .യാതൊരു പ്രയോജനവുമുണ്ടായിട്ടില്ലെന്നു ഗവൺമെൻറിനു ബോധ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ.ടി. എസ്. ജോൺ: യാതൊരു പ്രയോജനവുമുണ്ടായിട്ടില്ലെന്നു പറയുന്നതു ശരിയല്ല. 1977 ഒക്റ്റോബർ മാസത്തിൽ നെല്ലിൻെറയും, അരിയുടെയും മൂവ്മെൻറിനുണ്ടായിരുന്ന സോണൽ റെസ്ട്രിക്ഷൻ

LIBRARY ARCHIVES Kerala Legislative Assembly

എടുത്തു കളഞ്ഞപ്പോൾ നെല്ലിനും അരിക്കും കപ്പയ്ക്കും ഭയാനകമായ വിലയിടിവുണ്ടായി. കൃഷിക്കാരൻ വളരെ ക്ലേശങ്ങൾ അനുഭവിക്കാൻ തുടങ്ങി. അപ്പോൾ കൃഷിക്കാരന് ഒരു കൈതാങ്ങൽ കൊടുക്കേണ്ട താവശ്യമാണെന്നു ഗവൺമെൻറിനു ബോധ്യമായതുകൊണ്ടാണ് ഉൽപ്പാദനച്ചെലവു മീറ്റു ചെയ്യാൻ തക്കവിധത്തിലുള്ള ഒരു സപ്പോർട്ട് പ്രൈസ് കൊടുക്കാൻ തീരുമാനിച്ചത്. അതുകൊണ്ട് കൃഷിക്കാരന് വളരെ ആശ്വാസമുണ്ടായിട്ടുണ്ട്; വിലനിലവാരം സ്റ്റെബിലൈസ് ചെയ്യാൻ സാധിച്ചിട്ടുണ്ട്.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: ഉൽപ്പാദനച്ചെലവിനേക്കാൾ കുറഞ്ഞ വില അതുപോലെ തന്നെ താങ്ങുവില മാർക്കറ്റിലുണ്ടായിരുന്നതിനേക്കാൾ കുറവായിരിക്കുകയും ചെയ്തതു കൊണ്ടല്ലേ കൃഷിക്കാർ ഗവൺമെൻറിലേക്ക് നെല്ലളക്കാതിരുന്നത്? എത്ര കവിൻറൽ നെല്ല് ഗവൺമെൻറിനു കിട്ടി?

ശ്രീ. ടി. എസ്. ജോൺ: ഒരു കവിൻറൽ നെല്ലിൻെറ ഉൽപ്പാദനച്ചെലവ് പാലക്കാട്ട് 94 രൂപയും കുട്ടനാട്ടിൽ 112 രൂപയും എന്നാണ് കൃഷി വകുപ്പിൻെറ കണക്ക്. അതുകൊണ്ട് ഉൽപ്പാദനച്ചെലവിനേക്കാൾ കൂടിയ വിലയാണു നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ ഈ വില കൃഷിക്കാരന് ആകർഷകമോ ലാഭകരമോ അല്ല. പല പ്രദേശങ്ങളിലും സപ്പോർട്ട് പ്രൈസിനേക്കാൾ കൂടിയ വില ഓപ്പൺ മാർക്കറ്റിൽ ഉണ്ടെന്നു സമ്മതിക്കുന്നു. കൃഷിക്കാർക്കു ലാഭം ഉണ്ടാക്കാൻ വേണ്ടിയുള്ള ഒരു സ്കീമല്ല ഇത്. അവർക്ക് ബുദ്ധിമുട്ടുണ്ടാകരുത് എന്നാഗ്രഹിച്ച് ഉണ്ടാക്കിയ സ്കീമാണ്. 3449 കവിൻറൽ നെല്ല് കഴിഞ്ഞ വിരിപ്പു കൃഷിക്ക് ശേഖരിക്കുകയുണ്ടായി.

ശ്രീ. എം. വി. രാജൻ: സപ്പോർട്ടു വിലയനുസരിച്ച് വയനാട്ടിലെ കൃഷിക്കാരിൽനിന്നു നെല്ല് ശേഖരിക്കാത്തതിൻെറ കാരണമെന്താണ്?

ശ്രീ. ടി. എസ്. ജോൺ: സപ്പോർട്ടു വിലയനുസരിച്ച് കോഴിക്കോടു ജില്ലയിൽനിന്നു ശേഖരിച്ചിട്ടില്ല. കോഴിക്കോട്, കണ്ണൂർ ജില്ലകളിലാണ് വയനാട്. 15,000 ടൺ അരിയിൽ കൂടുതൽ ഉൽപ്പാദിപ്പിക്കുന്ന താലൂക്കുകളെ മാത്രമേ സ്കീമിൽ ഉൾപ്പെടുത്തിയിട്ടുള്ളൂ.

ശ്രീ. സേവ്യർ അറയ്ക്കൽ: കൃഷിക്കാർക്കു ലാഭകരമായ വിലയല്ലെന്നും കൃഷിയിറക്കാൻ കൂടുതൽ ചെലവു വരുന്നുവെന്നും പറഞ്ഞു. ആ നിലക്ക് ഇപ്പോൾ കൊടുക്കുന്ന സപ്പോർട്ട് പ്രൈസ് ഉയർത്തുന്നതിനു മുൻകൈ എടുക്കുമോ?

ശ്രീ. ടി. എസ്. ജോൺ: ഇപ്പോൾ ആലോചിക്കുന്നില്ല. പിന്നീട് പരിഗണിക്കാം.

ശ്രീ. സേവ്യർ അറയ്ക്കൽ: എത്ര ടൺ കപ്പ ശേഖരിക്കും? എന്തുതുക നീക്കിവച്ചിട്ടുണ്ട്? ശേഖരിച്ചു സൂക്ഷിക്കാനുള്ള സംവിധാനമേർപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. ടി. എസ്. ജോൺ: സംവിധാനമേർപ്പെടുത്തിയിട്ടുണ്ട്. കപ്പ എടുക്കുന്നതിനു വേണ്ടി സംസ്ഥാനത്തൊട്ടാകെ തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട്, കൊല്ലം ജില്ലയിൽ പറക്കാട്, പത്തനാപുരം, മാവേലിക്കര, തിരുവല്ല, കോട്ടയം ജില്ലയിൽ ചങ്ങനാശ്ശേരി, പാലാ,

LIBRARY ARCHIVES Kerala Legislative Assembly

ഇടുക്കി ജില്ലയിൽ തൊടുപുഴ, എറണാകുളം ജില്ലയിൽ മൂവാറ്റുപുഴ, തൃശ്ശൂർ ജില്ലയിൽ മുകുന്ദപുരം, തൃശ്ശൂർ, പാലക്കാട് ജില്ലയിൽ ഒറ്റപ്പാലം, മണ്ണാർക്കാട്, കോഴിക്കോടു ജില്ലയിൽ സുൽത്താൻബത്തേരി, മാനന്തവാടി മലപ്പുറം ജില്ലയിൽ മഞ്ചേരി, പെരിന്തൽമണ്ണ, കണ്ണൂർ ജില്ലയിൽ തളിപ്പറമ്പ് എന്നീ സ്ഥലങ്ങളിൽ സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റിന്റെ സെന്ററുകളും ഓപ്പൺ ചെയ്യുകയാണ്.

കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് ഈ കപ്പ എടുക്കാൻ കഴിയും. അങ്ങനെ സൊസൈറ്റികൾ ശേഖരിച്ച് ഈ സെന്ററുകളിൽ കൊണ്ടുവന്നു കൊടുത്താൽ വെള്ളകപ്പയ്ക്ക് 75 പൈസ വീതവും വാട്ടു കപ്പയ്ക്ക് 80 പൈസ വീതവും കിലോയ്ക്കു കൊടുത്ത് എടുക്കുന്ന തിനുവേണ്ട ഏർപ്പാടു ചെയ്തു അടുത്ത തിങ്കളാഴ്ച (12.3 തീയതി) ഈ സെന്ററുകളും എല്ലായിടത്തും ഓപ്പൺ ചെയ്യുന്നതാണ്.

ശ്രീ. കെ. രാഘവൻ മാസ്റ്റർ: കപ്പയ്ക്കു താങ്ങുവില നിശ്ചയിക്കാൻ താമസിച്ചതെന്താണ്; വില നിശ്ചയിക്കാനുള്ള വിഷമം കൊണ്ടോ മറ്റു വല്ല കാരണത്താലുമോ?

ശ്രീ. ടി. എസ്. ജോൺ: കപ്പയ്ക്ക് സാമാന്യം നല്ല വില ഓപ്പൺ മാർക്കറ്റിൽ ഉണ്ട്. ഇപ്പോഴാണ് സീസൺ. സീസണിൽ ആരംഭിച്ചു എന്നേയുള്ളു.

ശ്രീ. പിണറായി വിജയൻ: എത്ര കൃഷിക്കാർക്ക് സപ്പോർട്ട് പ്രൈസിന്റെ ഗുണഫലം കിട്ടി?

ശ്രീ. ടി. എസ്. ജോൺ: നാലായിരത്തിൽപ്പരം കൃഷിക്കാർക്ക് കഴിഞ്ഞ മുണ്ടകൻ കൃഷിക്കു പ്രയോജനമുണ്ടായിട്ടുണ്ട്.

ശ്രീ. ഇ. അഹമ്മദ്: മറ്റേതെങ്കിലും നാണ്യ വിളകൾക്ക് പ്രത്യേകിച്ചും ഇഞ്ചി കൃഷിക്കാർ ബുദ്ധിമുട്ടനുഭവിക്കുന്ന ഈ അവസരത്തിൽ, അതിനും സപ്പോർട്ട് പ്രൈസ് ഏർപ്പെടുത്താൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ടി. എസ്. ജോൺ: മറ്റു നാണ്യ വിളകൾക്ക് സപ്പോർട്ട് പ്രൈസ് ഏർപ്പെടുത്തുന്നതിനെക്കുറിച്ച് ഗവൺമെന്റിന്റെ പരിഗണനയിലില്ല. അവർ ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ടെന്നുള്ള കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ആവശ്യമാണെങ്കിൽ അതിനെപ്പറ്റിയെല്ലാം ആലോചിക്കുന്നതാണ്.

ശ്രീ. ആർ. എസ്. ഉണ്ണി: ഇന്ന് കൃഷിക്കാർക്ക് താങ്ങുവില നിശ്ചയിക്കുന്ന സമ്പ്രദായം മറ്റ് ഏതെങ്കിലും സംസ്ഥാനങ്ങളിൽ നിലവിലുണ്ടോ; അതോ ഈ സംസ്ഥാനത്താണോ ആദ്യമായി ആരംഭിച്ചത്? ഏതെല്ലാം വിളകൾക്ക് താങ്ങുവില നിശ്ചയിക്കണമെന്നുള്ളതിനെ സംബന്ധിച്ചിടത്തോളം ഒരു പഠനം നടത്തിയതിന്റെ അടിസ്ഥാനത്തിലാണോ ഈ തീരുമാനം എടുത്തിട്ടുള്ളത്?

ശ്രീ. ടി. എസ്. ജോൺ: മറ്റ് സംസ്ഥാനങ്ങളിൽ സപ്പോർട്ട് പ്രൈസ് ഉണ്ട്. ഉൽപ്പാദനച്ചെലവിന് അനുസരണമായി ഉള്ള വിലയാണ് അവിടെ ഫിക്സ് ചെയ്തിട്ടുള്ളത്. കേരളത്തേക്കാൾ വളരെ

LIBRARY ARCHIVES Kerala Legislative Assembly

കുറഞ്ഞ ഉൽപ്പാദനച്ചെലവാണ് വടക്കേ ഇൻഡ്യയിലും മറ്റു സംസ്ഥാനങ്ങളിലും ഉള്ളത്. നമ്മുടെ സംസ്ഥാനത്ത് മാത്രമേ ഇതുപോലുള്ള സപ്പോർട്ട് പ്രൈസ് കപ്പയ്ക്ക് ഉള്ളൂ. സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവിക്കുന്ന കൃഷിക്കാരെ സഹായിക്കുന്നതിനുവേണ്ടി ഉണ്ടാക്കിയ സ്കീമാണ് ഇത്.

ശ്രീ.പി. ശങ്കർ: സപ്പോർട്ട് പ്രൈസ് അനുസരിച്ച് നെല്ല് വാങ്ങാൻ നിശ്ചയിച്ച തുകയിൽ ചെറിയൊരു അംശത്തിന് മാത്രമാണ് നെല്ല് വാങ്ങിച്ചിട്ടുള്ളത്. സപ്പോർട്ട് പ്രൈസ് അനുസരിച്ച് കൂടുതൽ സെൻററുകൾ സ്ഥാപിച്ച് നെല്ല് എടുക്കുന്നതിന് കൃഷിക്കാർ സമീപിച്ചില്ലേ? പഴയ ലെവി സമ്പ്രദായം ഉപയോഗപ്പെടുത്തി സഹകരണ സ്ഥാപനങ്ങളിൽകൂടി നെല്ല് എടുക്കാനുള്ള നിവേദനം അവർ നടത്തിയില്ലേ?

ശ്രീ. ടി. എസ്. ജോൺ: കൂടുതൽ സെൻറേഴ്സ് ഓപ്പൺ ചെയ്യാതിരുന്നതുകൊണ്ടല്ല കൂടുതൽ ശേഖരിക്കാൻ സാധിക്കാതിരുന്നത്. വിരിപ്പു കൃഷി ചില സ്ഥലങ്ങളിൽ മാത്രമേ ഉള്ളൂ. മുണ്ടകൻ, പുഞ്ച, എന്നീ കൃഷിയുടെ നെല്ലു ശേഖരിച്ചുകൊണ്ടിരിക്കുകയാണ്. കുട്ടനാട്ടിൽനിന്നും മറ്റും കൂടുതൽ ശേഖരിക്കാൻ കഴിഞ്ഞിട്ടില്ല. പാലക്കാട് കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ആകർഷകമായ വില കൊടുത്തതുകൊണ്ട് കൂടുതൽ ശേഖരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

ശ്രീ. എ. പി. കുര്യൻ: സപ്പോർട്ട് പ്രൈസ് ഏർപ്പെടുത്തിയതുകൊണ്ട് നമ്മുടെ സംസ്ഥാനത്ത് 4000 കൃഷിക്കാർക്കാണ് പ്രയോജനം ഉണ്ടായതെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. നമ്മുടെ സംസ്ഥാനത്തുള്ള ഒരു കോടിയിൽപരം വരുന്ന കൃഷിക്കാരുടെ സംഖ്യയും ഇതുമായി ഉള്ള അനുപാതം വച്ചു നോക്കുമ്പോൾ വളരെ അപര്യാപ്തമാണെന്നുള്ളത് പരിഗണിച്ച് സപ്പോർട്ട് പ്രൈസ് കുറേക്കൂടി മെച്ചപ്പെടുത്താൻ കാര്യക്ഷമമായ സംവിധാനം ഉണ്ടാക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതിന് ബന്ധപ്പെട്ട കർഷകസംഘടനകളുമായി കൂടിയാലോചിക്കാൻ അടിയന്തിരമായി നടപടികൾ എടുക്കുമോ?

ശ്രീ. ടി. എസ്. ജോൺ: കർഷകസംഘടനകളുമായി കൂടിയാലോചിച്ചിട്ടുണ്ട്. സപ്പോർട്ട് പ്രൈസ് വളരെ പ്രയോജനം ചെയ്തിട്ടുണ്ടെന്നാണ് കർഷക സംഘടനകൾ പറഞ്ഞിട്ടുള്ളത്. ഇനിയും ഇതിൻെറ നടത്തിപ്പിൽ പാകപ്പിഴകൾ സംഭവിച്ചിട്ടുണ്ടെന്നു സൂചിപ്പിച്ചാൽ പരിശോധിക്കുന്നതാണ്.

ശ്രീ. എ. പി. കുര്യൻ: ഏതെല്ലാം സംഘടനകളുമായി ആണ് ആലോചിച്ചതെന്ന് പറയാമോ?

ശ്രീ ടി. എസ്. ജോൺ: എല്ലാ കർഷക സംഘടനകളെയും പാലക്കാട് വിളിച്ചുകൂട്ടി ഡിസ്കസ് ചെയ്ത് തീരുമാനം എടുത്തിട്ടുണ്ട്.

ശ്രീ. വി. ടി. സെബാസ്റ്റ്യൻ: നമ്മുടെ രാജ്യത്ത് കാർഷികോൽപ്പന്നങ്ങളുടെ വില ഓരോ വർഷവും ഓരോ വിധത്തിലാണ് വ്യത്യാസപ്പെട്ടു വരുന്നത്. ഈ വർഷം വില ലഭിച്ചതിന് ചിലപ്പോൾ അടുത്ത വർഷം വില കാണുകയില്ല എന്നുള്ളതുകൊണ്ട് പല കാരണവശാലും

LIBRARY ARCHIVES Kerala Legislative Assembly

കൃഷിക്കാർ നിരാശരാണ്. ജാതി, ഗ്രാമ്പൂ തുടങ്ങിയ വിളകളുടെ നിലവാരം കുറഞ്ഞിട്ടുണ്ട്. ഒരു സർവ്വെ നടത്തിയിട്ട് നിശ്ചിത വില കൊടുക്കുന്നതിന് ഉറപ്പു കൊടുക്കാൻ തയ്യാറാകുമോ?

ശ്രീ. ടി. എസ്. ജോൺ: അത് നല്ലൊരു സജഷനാണ്. അതിനെപ്പറ്റി ആലോചിക്കാവുന്നതാണ്.

ശ്രീ. കെ. സുകുമാരനുണ്ണി: ഈ വർഷം നീക്കിവച്ച തുക മുഴുവൻ സപ്പോർട്ട് പ്രൈസ് ആയി കൊടുക്കാൻ കഴിയുമോ? അങ്ങനെ സാധിക്കുകയില്ലെങ്കിൽ കൃഷിക്കാർക്ക് മറ്റു വല്ല സബ്സിഡിയും കൊടുക്കാൻ ഉദ്ദേശമുണ്ടോ?

ശ്രീ. ടി. എസ്. ജോൺ: നീക്കിവച്ച തുക മുഴുവൻ കൊടുക്കാൻ സാധിക്കുകയില്ല. കൂടുതൽ നീക്കിവച്ചുപോയതാണ്. മറ്റു സഹായങ്ങൾ ചെയ്യുന്നതിനെക്കുറിച്ച് ഇതുവരെ ആലോചിച്ചിട്ടില്ല.

ശ്രീ. ഇ. പി. ഗോപാലൻ: നെല്ലിന് താങ്ങുവില നമ്മുടെ സംസ്ഥാനത്ത് ക്വിൻറലിന് 120 രൂപയാണ്. ഗവൺമെൻറ് ഓഫ് ഇൻഡ്യ നിശ്ചയിച്ചിട്ടുള്ള വില എന്താണ്? അയൽ സംസ്ഥാനങ്ങളായ ആന്ധ്രയിലും കർണ്ണാടകയിലും വില എന്താണ്? 120 രൂപ അധികമാണെന്ന് ഗവൺമെൻറ് ഓഫ് ഇൻഡ്യ ആക്ഷേപം പറഞ്ഞുകേൾക്കുന്നത് ശരിയാണോ?

ശ്രീ. ടി. എസ്. ജോൺ: ശരിയാണ്. ഗവൺമെൻറ് ഓഫ് ഇൻഡ്യ നിശ്ചയിച്ചിട്ടുള്ള വില 85 രൂപയാണ്. ഇതിൽ കൂടുതൽ കൊടുക്കാൻ പാടില്ലെന്നുള്ള ഒരു എഴുത്ത് സംസ്ഥാന ഗവൺമെൻറിനു ലഭിച്ചിട്ടുണ്ട്. സംസ്ഥാന ഗവൺമെൻറ് അടുത്ത ദിവസം അതിന് മറുപടി അയച്ചിട്ടുണ്ട്. കേരളത്തിൽ കുറച്ച് നെല്ല് റെസ്ട്രിക്ഷൻറെ അടിസ്ഥാനത്തിൽ മാത്രമേ എടുക്കുന്നുള്ളു എന്ന് ധരിപ്പിച്ചിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽ ഇതിനേക്കാൾ കുറഞ്ഞ വില മാത്രമേ സപ്പോർട്ട് പ്രൈസായി ലഭിക്കുന്നുള്ളു. മറ്റു സംസ്ഥാനങ്ങളിലെ ഉൽപ്പാദനച്ചെലവുമായി തട്ടിച്ചുനോക്കിയാൽ കേരളത്തിലെ ഉൽപ്പാദനച്ചെലവ് കൂടുതലാണ്. മറ്റു സംസ്ഥാനങ്ങളിൽ കുറവാണ്. അതുകൊണ്ട് കൃഷിക്കാർക്ക് അൽപ്പം മെച്ചപ്പെട്ട വില കൊടുക്കാൻ വേണ്ടിയാണ് സപ്പോർട്ട് പ്രൈസ് പ്രഖ്യാപിച്ചത്.

ഫിഷ് ഫാർമേഴ്സ് ഡെവലപ്മെൻറ് ഏജൻസി

*373 [392] ശ്രീ. എം. കെ. കൃഷ്ണൻ:
ശ്രീ. എ. പി. കുര്യൻ:
ശ്രീ. പി. ആർ. ശിവൻ:

ശ്രീ. സി. വാസുദേവമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷ് ഫാർമേഴ്സ് ഡെവലപ്മെൻറ് ഏജൻസി എന്നൊരു സ്ഥാപനം നിലവിൽ വന്നിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly